ഉത്തരം

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളിൽ 6 ശതമാനത്തിൽ കൂടുതൽ നികുതി നിരക്ക് ഉള്ളവയ്ക്ക് 6 ശതമാനമായി നികുതി നിജപ്പെടുത്തിയിട്ടുണ്ട്. നിരക്ക് 6 ശതമാനത്തിൽ താഴെ ആണെങ്കിൽ താഴ്ന്ന നിരക്കിൽ ഉള്ള നികുതി നൽകിയാൽ മതി.

(ബി) വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കുന്നത്. കേരള പൊതുവില്പന നികുതി നിയമം അനുശാസിക്കുന്ന നിരക്കിൽ വിറ്റുവരവിന്മേലാണ് നികുതി ഈടാക്കി വരുന്നത്.

(സി)&(ഡി)ഉദിക്കുന്നില്ല.

5 (1725) ചെറുകിട വ്യവസായങ്ങൾക്ക് സഹായം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ സഹായിക്കുവാനായി ഒരു കൺസോർഷ്യം സ്കീം ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ജനകീയാസൂത്രണത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് മുഖ്യപങ്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്വീകരിച്ചു നടപ്പിലാക്കിവരുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിൻകീഴിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വ്യവസായ വികസന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഉതകുന്ന മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് ഒരു വിദഗ്ധസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനായി റീജിനൽതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. മാതൃകാ പ്രോജക്ട് റിപ്പോർട്ടുകൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

6 (1726) കളിമൺ വ്യവസായശാലകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ നെൻമണിക്കര പഞ്ചായത്തിൽ ചിറ്റിശ്ശേരി, മണലി, മടവാക്കര, എറവക്കാട് എന്നീ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന നൂറോളം കളിമൺ വ്യവസായശാലകൾ പ്രതിസന്ധി നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly